(ബി) ഉണ്ട്.

(സി&ഡി) ശ്രദ്ധയിൽ വന്നിട്ടുണ്ട്. സ്ഥലത്തിന്റെ ലഭ്യതയും സൗകര്യങ്ങളും പരിശോധിച്ച് അനുയോജ്യമായ പ്രൊപ്പോസൽ ഭാഗ്യക്കുറി ഡയറക്ടറിൽ നിന്നും ലഭിക്കുന്ന മുറയ്ക്ക് ഇതുസംബന്ധിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

ലോട്ടറി വകുപ്പിനെ ആധുനികവത്ക്കരിക്കുന്നതിന് നടപടി

192 (2430) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൂർണ്ണമായ തോതിൽ കമ്പ്യൂട്ടർ സൗകര്യങ്ങളൊരുക്കി സംസ്ഥാന ലോട്ടറി വകുപ്പിനെ ആധുനികവത്ക്കരിക്കുന്നതിനും ആവശ്യമായ സ്റ്റാഫിനെ നിയമിക്കുന്നതിനും ലോട്ടറി പ്രിന്റിംഗ് കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

(ബി) സാധാരണക്കാരായ തൊഴിൽരഹിതരുടെ അപേക്ഷ പ്രകാരം ഏജൻസി അനുവദിക്കുന്നതിനും ആവശ്യപ്രകാരമുള്ള ലോട്ടറി ലഭ്യമാക്കുന്നതിനും സമ്മാനങ്ങൾ പരിഷ്കരിക്കുന്നതിനും കമ്മീഷൻ വർദ്ധിപ്പിക്കുന്നതിനും നടപടി സ്വീകരിക്കുമോ ;

(സി) താലൂക്കടിസ്ഥാനത്തിൽ ലോട്ടറി ഓഫീസുകൾ അനുവദിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ?

ഉത്തരം

(എ) ഭാഗ്യക്കുറി ഓഫീസുകളിലെ വർദ്ധിച്ചുവരുന്ന തിരക്ക് പരിഗണിച്ച് ആവശ്യമായ സജ്ജീകരണങ്ങൾ ഏർപ്പെടുത്തുന്നകാര്യം പരിശോധിച്ചു വരികയാണ്. ഓഫീസുകളുടെ പ്രവർത്തനം പൂർണ്ണമായും കമ്പ്യൂട്ടർവൽക്കരിച്ച് വകുപ്പിനെ ആധുനികവൽക്കരിക്കുന്നതിന് നിലവിലെ ടിക്കറ്റ് വിതരണം കാര്യക്ഷമമാക്കുന്നതിനുമായി software enchancement അടക്കമുള്ള പരിഷ്കരണങ്ങൾ പരിഗണനയിലാണ്.

സംസ്ഥാന ഭാഗ്യക്കുറി ടിക്കറ്റുകൾ അച്ചടിക്കുന്ന പ്രസ്സുകളിലെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി എറണാകുളം KBPS പ്രസ്സിന് 5 കളർ ഷീറ്റ് ഫെഡ് മെഷീൻ വാങ്ങുന്നതിനായി ഭാഗ്യക്കുറി വകുപ്പിൽ നിന്നും 6 കോടി രൂപ വായ്പ അനുവദിക്കാൻ സർക്കാർ ഉത്തരവായിട്ടുണ്ട്. കൂടാതെ തിരുവനന്തപുരം C-apt പ്രസ്സിന് ഒരു 4 കളർ വെബ് ഓഫ്സെറ്റ് മെഷീൻ വാങ്ങാൻ 4.5 കോടി രൂപയുടെ വായ്പ വകുപ്പിൽ നിന്ന് അനുവദിക്കാനും സർക്കാർ ഉത്തരവായിട്ടുണ്ട്. ഇതുകൂടാതെ 2.5 കോടി രൂപയുടെ അധിക വായ്പാത്തുക കൂടി അനുവദിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് C-apt സമർപ്പിച്ചിട്ടുള്ള പുതിയ പ്രൊപ്പോസൽ പരിശോധിച്ചു വരുന്നു. ടിക്കറ്റ് അച്ചടിയിലെ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനായി വാട്ടർമാർക്ക് പേപ്പറിൽ ലോട്ടറി ടിക്കറ്റുകൾ അച്ചടിക്കുന്നതിനുള്ള ശ്രമങ്ങളും വകുപ്പ് നടത്തി വരികയാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) 18 വയസ്സ് പൂർത്തിയാക്കിയ ഏതൊരു വ്യക്തിക്കും തിരിച്ചറിയൽ കാർഡിന്റെ പകർപ്പ്, ഫോട്ടോ എന്നിവ ഹാജരാക്കി 300 രൂപ ഏജൻസി രജിസ്ട്രേഷൻ ഫീസുമൊടുക്കി ജില്ലാ ഭാഗ്യക്കുറി ഓഫീസുകളിൽ നിന്നും ഭാഗ്യക്കുറി ഏജൻസി എടുക്കാവുന്നതാണ്. 63 ലക്ഷം ടിക്കറ്റുകൾ അച്ചടിക്കത്തക്കവിധം സമ്മാന ഘടന തയ്യാറാക്കിയിട്ടുള്ള പൗർണ്ണമി, വിൻവിൻ, അക്ഷയ, ഭാഗ്യനിധി എന്നീ ഭാഗ്യക്കുറികളുടെ (മുഖവില 30 രൂപ) 56 ലക്ഷം ടിക്കറ്റുകളും, 35 ലക്ഷം ടിക്കറ്റുകൾ അച്ചടിക്കത്തക്കവിധം സമ്മാനഘടന തയ്യാറാക്കിയിട്ടുള്ള കാരുണ്യ, കാരുണ്യ പ്ലസ് (മുഖവില 50 രൂപ) എന്നീ ഭാഗ്യക്കുറികളുടെ 30 ലക്ഷം ടിക്കറ്റുകളും 40 രൂപ മുഖവിലയുള്ള ധനശ്രീ ഭാഗ്യക്കുറിയുടെ 30 ലക്ഷം ടിക്കറ്റുകളും നിലവിൽ അച്ചടിച്ച് വിതരണം ചെയ്തുവരുന്നു. പ്രതിവാര ഭാഗ്യക്കുറികളുടെ നിലവിലുള്ള സമ്മാനഘടന പരിഷ്കരിക്കുന്ന കാര്യം പരിഗണനയിലാണ്. കമ്മീഷൻ വർദ്ധിപ്പിക്കുന്നകാര്യം ഇപ്പോൾ പരിഗണനയിലില്ല.

(സി) കട്ടപ്പന, പുനലൂർ, താമരശ്ശേരി എന്നിവിടങ്ങളിൽ താലൂക്ക് ഭാഗ്യക്കുറി ഓഫീസുകൾ ആരംഭിച്ചിട്ടുണ്ട്. മറ്റ് 11 ജില്ലകളിൽക്കൂടി താലൂക്ക് ഓഫീസുകൾ ആരംഭിക്കുന്നകാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

കെ.എസ്.എഫ്.ഇ-യുടെ പുതിയ ബ്രാഞ്ചുകളും വിദ്യാഭ്യാസ വായ്പയും

193 (2431) ശ്രീ. എ. എ. അസീസ് :

ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റശേഷം കെ.എസ്.എഫ്.ഇ. സംസ്ഥാനത്ത് പുതുതായി എത്ര ബ്രാഞ്ചുകളാണ് ആരംഭിച്ചത് ;

(ബി) കെ.എസ്.എഫ്.ഇ. വിദ്യാഭ്യാസ സമ്പാദ്യ പദ്ധതികളായി ഏതൊക്കെ പദ്ധതികളാണ് ആവിഷ്കരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരമേറ്റശേഷം കെ.എസ്.എഫ്.ഇ.-യുടെ 124 പുതിയ ബ്രാഞ്ചുകൾ ആരംഭിച്ചു.

(ബി) 'കെ.എസ്.എഫ്.ഇ. പ്രൊഫഷണൽ എഡ്യുകെയർ ചിട്ടി പദ്ധതി' ആണ് വിദ്യാഭ്യാസ സമ്പാദ്യ പദ്ധതിയായി ആവിഷ്കരിച്ചിരിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly